# INTERNATIONAL INDIAN SCHOOL RIYADH

**Post Box No. 89788, Riyadh 11692 (KSA)**

## SUMMATIVE ASSESMENT - II – MARCH 2015

**CLASS IX**

**MALAYALAM**

**TIME : 3 HOURS** **MAX. MARKS: 90**

**This question Paper will be divided in to FOUR sections;**

| | | | |
|---|---|---|---|
| Section A: | Reading Comprehension | - | 10 Marks |
| Section B: | Writing | - | 20 Marks |
| Section C: | Grammar | - | 12 Marks |
| Section D: | Literature | - | 48 Marks |

## എ. വിഭാഗം (10 MARKS)

**I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (5 x 2 = 10)

നൂറ്റാണ്ടുകളായി കേരളത്തിലെ രാജാക്കന്മാർ തമ്മിൽ നടന്നു വന്ന സമര കോലാഹലങ്ങൾ ജനകീയ സംസ്ക്കാരത്തെ താറുമാറാക്കുകയും സാന്മാർഗ്ഗീക നിലവാരത്തെ നശിപ്പിക്കുകയും ചെയ്തു. പ്രഭുജനങ്ങൾ സമുദായത്തിന്റെ ആണിക്കല്ലായി നിലനിന്നിരുന്ന സാമുഹിക വ്യവസ്ഥയായിരുന്നു അന്ന്. അവരുടെ അധ:പതനം നമ്പ്യാരുടെ ശ്രദ്ധയെ ആകർഷിച്ചു. സാമന്യ ജനതയ്ക്ക് വലിയ പ്രാധാന്യമൊന്നുമില്ലതിരുന്ന അക്കാലത്ത് നമ്പ്യാർ അവരെയും കൂടുതൽ ശ്രദ്ധിച്ചു. പ്രഭുക്കന്മാരും സാധാരണക്കാരും നമ്പ്യാരുടെ രൂക്ഷമായ വിമർശനത്തിനു പാത്രമായി. സാമുഹിക വിമർശനത്തിനു അനുയോജ്യമായ ഒരു നൂതന കവിതാ പ്രസ്ഥാനം ഉദ്ഘാടനം ചെയ്തു കൊണ്ട് നമ്പ്യാർ മുന്നോട്ടു വന്നു. സംസ്കൃത വൃത്തത്തിലുള്ള ശ്ലോകങ്ങളും ആട്ടപ്പദങ്ങളും കിളിപ്പാട്ടുകളും അദ്ദേഹത്തിന് അനുയോജ്യമായി തോന്നിയില്ല. എഴുത്തച്ഛൻ ചെയ്തതു പോലെ ചുറ്റുപാടും കണ്ട അസംസ്കൃതങ്ങളും അപുർണങ്ങളുമായ ജനകീയ ഗാനരീതികളിൽ നിന്ന് സമുചിതമെന്നു തോന്നിയവയെ തെരഞ്ഞെടുത്തു.

1. സാന്മാർഗ്ഗിക നിലവാരത്തെ നശിപ്പിച്ചതെന്ത് ?
2. നമ്പ്യാരുടെ ശ്രദ്ധയെ ആകർഷിച്ചതെന്ത്?
3. നമ്പ്യാർക്ക് അനുയോജ്യമായി തോന്നാത്ത വസ്തുത എന്ത്?
4. നമ്പ്യാരുടെ രൂക്ഷ വിമർശനത്തിനു പാത്രമായത് ആരെല്ലാം?
5. ഈ ഖണ്ഡികക്ക് ഉചിതമായ ശീർഷകം നൽകുക

## ബി. വിഭാഗം (20 MARKS)

II. 1. നിങ്ങളുടെ സ്ഥലത്തെ ഗതാഗതക്കുരുക്കിനു പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്തെഴുതുക. **(8)**

**2. അഞ്ചോ ആറോ വാക്കിൽ ആശയം വിശദമാക്കുക.** **(3)**

"അരുതരുതു വിരോധം, ഭിന്നവർഗങ്ങളെല്ലാം
ഒരു ചരടിൽ ഇണക്കിക്കോർത്ത പുഷ്പങ്ങളല്ലോ"

**OR**

"നമുക്ക് നാമേ പണിവതു നാകം
നരകവുമതുപോലെ"

3. **വാക്യത്തിൽ പ്രയോഗിക്കുക (ഏതെങ്കിലും രണ്ട്)** **(2)**
   1. ഊന്നുവടി
   2. സ്തംഭിച്ചു നിൽക്കുക
   3. അനുദിനം

**4. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക**
   1. **മദ്യനിരോധനത്തിന്റെ ആവശ്യകത** (7)
   2. **പരിസര മലിനീകരണം**
   3. **വൃദ്ധ സദനങ്ങൾ അനിവാര്യമോ ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.**